**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6002** **25-03-2025 - ൽ മറുപടിയ്ക്ക്**

**ചരക്ക് ഇടനാഴി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം, എന്നിവിടങ്ങളെ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി എന്ന പദ്ധതി നിലവിലില്ല, എന്നാൽ ഈ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചരക്ക് ഗതാഗതം പുനരാരംഭിക്കുവാനുള്ള നടപടികൾ കേരള മാരിടൈം ബോർഡ് നടത്തിവരുന്നു. ഇതിനായി ഈ മേഖലയിലുള്ള സേവനദാതാക്കളും/ വെസൽ ഓപ്പറേറ്റർമാരും, വാണിജ്യ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരുന്നു. ആവശ്യമായ കണ്ടെയ്നർ ചരക്ക് ഉറപ്പാക്കിയാൽ മാത്രമേ ഈ പദ്ധതി ലാഭകരമായി പുനരാരംഭിക്കാൻ കഴിയുകയുള്ളൂ. ഇതിനായുള്ള നടപടികൾ തുടർന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഇല്ല |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ചരക്ക് ഗതാഗതത്തിന് വെസ്സൽ ഓപ്പറേറ്റർമാർ തയ്യാറായി വരുന്ന മുറയ്ക്ക് സബ്സിഡി അടക്കമുള്ള കേന്ദ്ര സഹായങ്ങൾക്കായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ